# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.06.2025**

### പ്രധാനവാർത്തകൾ

1. ആരോഗ്യം മുതൽ സാമൂഹിക സുരക്ഷ വരെയുള്ള എല്ലാ മേഖലകളിലും ഇന്ത്യ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ;സ്ത്രീകൾ രാജ്യ വികസനത്തിന് പുതിയ ദിശാബോധം നൽകുന്നതായും മൻ കി ബാത്തിൽ പരാമർശം.
2. കുറ്റാന്വേഷണത്തിലും, ക്രമസമാധാനപാലനത്തിലും കേരള പോലീസ് രാജ്യത്തിന് മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. പേവിഷബാധയ്ക്കെതിരായ ബോധവത്കരണ ക്ലാസുകൾക്ക് സംസ്ഥാനത്തെ സ്കൂളുകളിൽ നാളെ തുടക്കം.
4. കടൽഭിത്തികൾ കെട്ടി സംസ്ഥാനത്തെ കടലോരമേഖലകളെ പരമാവധി സംരക്ഷിക്കുകയാണെന്ന് മന്ത്രി സജി ചെറിയാൻ.
5. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത; മുല്ലപ്പെരിയാർ ഡാം തുറന്നതിനാൽ പെരിയാർ തീരത്ത് ജാഗ്രതാ നിർദ്ദേശം; ജലനിരപ്പ് 136 അടിയിൽ തുടരുന്നു.

&&&&&&&&&&&&&&

RNU TVPM

## മൻകി ബാത്ത് - ഇൻട്രോ

അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിന് രാജ്യത്തും ലോകമെമ്പാടും ലഭിച്ച സ്വീകാര്യത, കൂടുതൽ ആളുകളെ യോഗ സ്വീകരിക്കാൻ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആകാശവാണിയിലൂടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 123 --◌ാ◌ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകാരോഗ്യ സംഘടന ഭാരതത്തെ ട്രക്കോമ രഹിത രാജ്യമായി പ്രഖ്യാപിച്ചുവെന്നും, രോഗത്തിനെതിരെ അക്ഷീണം പോരാടിയ ദശലക്ഷക്കണക്കിന് ആളുകളുടെ കഠിനാധ്വാനത്തിന്റെ ഫലമാണിതെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും ഇന്ന് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതായും അദ്ദേഹം പറഞ്ഞു. രാജ്യത്ത് നിർമ്മിച്ച ഉൽപ്പന്നങ്ങൾ മാത്രം ഉപഭോക്താക്കൾ വാങ്ങുകയും, വ്യാപാരികൾ ഇവ വിൽക്കുകയും ചെയ്താൽ, ആത്മനിർഭർ ഭാരത് എന്ന ആശയത്തിന് നവീന ഊർജ്ജം ലഭിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&

## മൻ കി ബാത്-സ്ത്രീ ശാക്തീകരണം

ശുഭാൻശു ശുക്ലയുടെ ബഹിരാകാശ യാത്രയിലൂടെ രാജ്യം പുതുചരിത്രം സൃഷ്ടിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. ജൂലൈ ഒന്ന് ഡോക്ടർമാരുടെയും, ചാർട്ടേർഡ് അക്കൗണ്ടൻറുമാരുടെയും ദിനമാണെന്ന്

RNU TVPM

ഓർമപ്പെടുത്തിയ ശ്രീ. മോദി, രണ്ട് തൊഴിൽമേഖലകളിലുള്ളവരും സമൂഹത്തിൻറെ സുപ്രധാന സ്കംഭങ്ങളാണെന്നും അഭിപ്രായപ്പെട്ടു. ഇന്നത്തെ സ്ത്രീകൾ മുഴുവൻ സമൂഹത്തിനും പുതിയ ദിശാബോധം നൽകുന്നതായി പ്രധാനമന്ത്രി പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ വനിതകൾ നയിക്കുന്ന സംരംഭങ്ങളെക്കുറിച്ചും ശ്രീ മോദി പരാമർശിച്ചു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&

**മുഖ്യമന്ത്രി- പോലീസ്**

കുറ്റാന്വേഷണത്തിലും, ക്രമസമാധാനപാലനത്തിലും കേരള പോലീസ് രാജ്യത്തിന് തന്നെ മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂരിൽ പിണറായി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് മികച്ച സൈബർ പോലീസ് വിഭാഗമാണ് സംസ്ഥാനത്തുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&

**ഡിജിപി വിരമിക്കൽ**

സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് നാളെ വിരമിക്കും. 1991 ബാച്ച് കേരള കേഡർ ഐ പി എസ് ഉദ്യോഗസ്ഥനായ അദ്ദേഹം, പോലീസ്

മേധാവിയായി രണ്ട് വർഷത്തെ സേവനത്തിനു ശേഷമാണ് വിരമിക്കുന്നത്. വിശിഷ്ടസേവനത്തിന് 2016 ൽ രാഷ്ട്രപതിയുടെ പോലീസ് മെഡലും, 2007 ൽ ഇന്ത്യൻ പോലീസ് മെഡലും ലഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

**പ്രൽഹാദ് ജോഷി**

അടിയന്തരാവസ്ഥയുടെ അഞ്ചുപതിറ്റാണ്ട് എന്ന വിഷയത്തിൽ ബിജെപിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സെമിനാർ സംഘടിപ്പിച്ചു. കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി സെമിനാർ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് ഒരുകാലത്തും ഭരണഘടനയെ ബഹുമാനിച്ചിട്ടില്ലെന്നും കേന്ദ്രമന്ത്രി ആരോപിച്ചു. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, മുൻ കേന്ദ്രസഹമന്ത്രി വി മുരളീധരൻ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു. ഡോ. ശ്യാമ പ്രസാദ് മുഖർജി അനുസ്മരണത്തോടനുബന്ധിച്ച് രാവിലെ പൂജപ്പുര ഭഗത് സിംഗ് പാർക്കിൽ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി വൃക്ഷത്തൈ നട്ടു.

&&&&&&&&&&&&&&

**വീണാ ജോർജ്ജ് -അന്വേഷണം**

തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെ യൂറോളജി വിഭാഗം മേധാവി ഉന്നയിച്ച ആരോപണങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് വേഗത്തിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്. ആരോഗ്യപ്രവർത്തകർ വളരെ മികച്ച സേവനമാണ്

RNU TVPM

നടത്തുന്നത്. ഡോ.ഹാരിസ് സത്യസന്ധനാണെന്നും, പ്രശ്നങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിച്ചത് സംവിധാനത്തോടുള്ള വിശ്വാസം കൊണ്ടാണെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## വി ഡി സതീശൻ- ആരോഗ്യം

സംസ്ഥാനത്തെ ആരോഗ്യ മേഖല തകർച്ചയിൽ ആണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. തിരുവനന്തപുരം മെഡിക്കൽ കോളജിലെ ഡോക്ടർ നടത്തിയത് ഞെട്ടിക്കുന്ന വെളിപ്പെടുത്തലാണ്. അശാസ്ത്രീയമായ പ്രതിരോധ കുത്തിവെയ്പ്പും ചികിത്സയും സർക്കാർ അന്വേഷിക്കേണ്ടതാണെന്നും അദ്ദേഹം ആരോപിച്ചു. സംസ്ഥാനത്തെ ആരോഗ്യരംഗത്തെ കുറിച്ച് പഠിക്കാൻ വേണ്ടി യു.ഡി.എഫ് നിയോഗിക്കുന്ന സമിതി നാളെ മുതൽ നിലവിൽ വരുമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&

## സണ്ണി ജോസ്ഫ്- ആരോഗ്യവകുപ്പ്

ആരോഗ്യവകുപ്പിൽ ഉപകരണ ക്ഷാമത്തെകുറിച്ച് വിവിധ തലങ്ങളിലുള്ളവരെ അറിയിച്ചിട്ടും അതിന് പരിഹാരം കാണാൻ കഴിയാത്തത് ഗുരുതരമായ സാഹചര്യമാണെന്ന് കെ പി സി സി പ്രസിഡന്റ് സണ്ണി ജോസഫ് കുറ്റപ്പെടുത്തി. പ്രതിദിനം രോഗികളുടെ എണ്ണം വർധിക്കുമ്പോൾ, ഡോക്ടർമാരുടെയും

ജീവനക്കാരുടെയും അപര്യാപ്തതയുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

&&&&&&&&&&&&&&

പേവിഷബാധ- ക്ലാസ്

പേവിഷബാധയ്ക്കെതിരെ നാളെ സ്കൂളുകളിൽ കുട്ടികൾക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും. അസംബ്ലി സമയത്ത്, ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിലാണ് ക്ലാസ്. ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജൂലൈ മാസത്തിൽ അധ്യാപകർക്കും, രക്ഷാകർത്താക്കൾക്കും, പി.ടി.എ. യോഗങ്ങളിലൂടെ സമാനമായ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കും.

&&&&&&&&&&&&&&

ഫയൽ അദാലത്ത്

RNUTVPM

പൊതുജനങ്ങളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഫയൽ അദാലത്ത് മറ്റെന്നാൾ മുതൽ ഓഗസ്റ്റ് 31 വരെ നടക്കും. ഇതിനായുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. ഈ വർഷം മെയ് 31 വരെയുള്ള ഫയലുകൾ വേഗത്തിൽ തീർപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&

ശിവൻകുട്ടി- സൂംബാ (ഇൻട്രോ)

സ്കൂളിലെ അക്കാദമിക- അക്കാദമിക ഇതര കാര്യങ്ങൾ തീരുമാനിക്കുന്നത് സർക്കാർ ആണെന്ന് മന്ത്രി വി ശിവൻകുട്ടി. സൂംബ പരിശീലനത്തെ വിമർശിക്കുന്നവർ കായിക ലോകത്തെയാണ് ആക്ഷേപിച്ചത്. ഇത് പിൻവലിച്ച് മാപ്പ് പറയണമെന്നും മന്ത്രി തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&

**കേരളം- കാലാവസ്ഥ**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&

**മുല്ലപ്പെരിയാർ-ഇൻട്രോ**

ഡാം തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയെങ്കിലും മുല്ലപ്പെരിയാറിൽ ജലനിരപ്പ് റൂൾ കർവ് ലെവലിന് മുകളിൽ തുടരുന്നു. നിലവിൽ 136.25 അടിയാണ് ജലനിരപ്പ്. 136 അടി എന്നുള്ള റൂൾ കർവ്വ് ഈ മാസം മുപ്പത് വരെയാണ്. ഇതിന് ശേഷം റൂൾ കർവ്വ് ലെവലിൽ മാറ്റം വരും.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ.....

(വോയിസ്)

&&&&&&&&&&&&&&

സജി ചെറിയാൻ-ആലപ്പുഴ

സംസ്ഥാനത്തെ കടലോരമേഖലകളെ പരമാവധി കടൽഭിത്തികൾ കെട്ടി സംരക്ഷിച്ചു കൊണ്ടിരിക്കുകയാണെന്ന് മന്ത്രി സജി ചെറിയാൻ. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള മത്സ്യഫെഡിന്റെ വിദ്യാഭ്യാസ അവാർഡ് വിതരണത്തിൻറെ ആലപ്പുഴ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കടൽക്ഷോഭം ചെറുക്കുന്നതിന് ചെല്ലാനത്ത് 344 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണം സർക്കാർ പൂർത്തീകരിച്ചതായി മന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&

ജോർജ്ജ് കുര്യൻ

പത്തനംതിട്ട കീക്കൊഴൂർ ഓർത്തഡോക്സ് പള്ളിയുടെ ശതാബ്ദിയാഘോഷത്തിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യപ്രഭാഷണം നടത്തി. വിശ്വാസികൾ വിശുദ്ധന്മാരായ പത്രോസിനേയും പൗലോസിനെയും മാതൃകയാക്കണമെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

കോഴിക്കോട് മണ്ണിടിച്ചിൽ

കോഴിക്കോട് ബൈപ്പാസിൽ നെല്ലിക്കോടിന് സമീപം കെട്ടിടനിർമാണത്തിനിടെയുണ്ടായ മണ്ണിടിച്ചിലിൽ ഒരാൾ മരിച്ചു. പശ്ചിമ ബംഗാൾ സ്വദേശിയാണ് മരിച്ചത്. അപകടത്തിൽ പരുക്കേറ്റ രണ്ട് പേർ ചികിൽസയിലാണ്.

&&&&&&&&&&&&&&

**നവജാത ശിശുക്കളെ കുഴിച്ചിട്ടു**

തൃശൂർ പുതുക്കാട് നവജാത ശിശുക്കളെ കുഴിച്ചിട്ട സംഭവത്തിൽ മാതാപിതാക്കൾ കസ്റ്റഡിയിൽ. രണ്ട് തവണയായി ജനിച്ച കുഞ്ഞുങ്ങളെ, കൊലപ്പെടുത്തിയ ശേഷം കുഴിച്ചിട്ടതാണോ എന്നതിൽ പോലീസ് അന്വേഷണം തുടങ്ങി.

&&&&&&&&&&&&&&

&&&&&&&&&&

&&&

RNJUTVPM